"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ


**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - അഡിഷണൽ ചീഫ് ടൗൺ പ്ലാനർ ശ്രീമതി ഷിജി ഇ ചന്ദ്രൻ - അഡിഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.


**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

**സ.ഉ.(സാധാ) നം.798/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 29/03/2021

പരാമർശം:- 1. 20.05.2020 തീയതിയിലെ സ.ഉ(സാധാ) നം.927/2020/ത.സ്വ.ഭ.വ

2. മുഖ്യനഗരാസൂത്രകന്റെ 14.12.2020 ലെ TCPCTP/2193/2020-A3 നമ്പർ കത്ത്.

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 01.03.2021 ലെ GE11/A/1243നമ്പർ കത്ത്.

**ഉത്തരവ്**

നഗരഗ്രാമാസൂത്രണ വകുപ്പിൽ അഡീഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് പൂർവാഹ്നം മുതൽ ടി തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.ഷിജി. ഇ. ചന്ദ്രൻ ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 26.11.2020 അപരാഹ്നം പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും ടിയാളുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു..

ടിയാൾ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും എടുത്തിയിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 27.05.2020 പൂർവാഹ്നത്തിൽ അഡീഷണൽ ചീഫ് ടൗൺ പ്ലാനർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി. ഷിജി. ഇ. ചന്ദ്രന്റെ ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്ആർ റൂൾ 20 (ബി) പ്രകാരം 27.11.2020 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Validity unknown
Digitally signed by JOHN V SAMUEL
Date: 2021.03.29 10:29:14 IST
Reason: Approved

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജോൺ വി സാമുവൽ ഐ എ എസ്**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

ശ്രീമതി. ഷിജി .ഇ .ചന്ദ്രൻ, അഡീഷണൽ ചീഫ് ടൗൺ പ്ലാനർ (മുഖ്യനഗരാസൂത്രകൻ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/76/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ